"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ-വകുപ്പ് -ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിന് വിട്ട് നൽകുന്നതിന് വാത്തിക്കുടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി.) വകുപ്പ്**

സ.ഉ.(കൈ) നം.136/2022/LSGD തീയതി, തിരുവനന്തപുരം, 28-06-2022.

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 23.12.2021, 13.04.2022 എന്നീ തീയതികളിലെ PAN/16269/2021-C9(DP) നമ്പർ കത്ത്.
2. വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 01.10.2021 തീയതിയിലെ 1(1) നമ്പർ തീരുമാനം.
3. വാത്തിക്കുടി ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 22.10..2021 തീയതിയിലെ 7(1) നമ്പർ തീരുമാനം.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ ഇടുക്കി താലൂക്കിൽ വാത്തിക്കുടി വില്ലേൽ സർവ്വെ നം.1/1-2227-1-1, സർവ്വെ നം.1/1-2227-2 എന്നിവകളിൽപ്പെടുന്ന യഥാക്രമം 0.0405 ഹെ. വസ്തുവും 0.1214 ഹെ. വസ്തുവും ഉൾപ്പെടുന്നതും റീസർവ്വെ പ്രകാരം ബ്ലോക്ക് നം.34-ൽ സർവ്വെ നം.199/3 Pt ൽപ്പെട്ടതുമായ ആകെ 0.1619 (16 ആർ 19 ച.മീ.) ഭൂമിയിൽ നിന്നും 07 സെന്റ് സ്ഥലം വാത്തിക്കുടി വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് പരാമർശം 2) പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും ആയതിന് അനുമതി നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം 1) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുന്നു.

പഞ്ചായത്ത് വിട്ടുകൊടുക്കാൻ തീരുമാനിച്ച 07 സെന്റ് സ്ഥലത്തിന് പകരമായി റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 03 സെന്റ് സ്ഥലം പഞ്ചായത്ത് ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പണിയുവാൻ വിട്ട് നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടർ മുഖാന്തരം അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം 3) പ്രകാരം ഭരണസമിതി തീരുമാനിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ 3-ാം ചട്ടം (1)-ാം ഉപചട്ടം പ്രകാരം ഇടുക്കി ജില്ലയിലെ വാത്തിക്കുടി വില്ലേജിൽ സർവ്വെ നമ്പർ 1/1-2227-1-1, സർവ്വെ നം.1/1-2227-2 എന്നിവകളിൽപ്പെടുന്ന യഥാക്രമം 4 ആർ 5 സ്ക്വ.മീ. വസ്തുവും, 12 ആർ 14 സ്ക്വ.മീ. വസ്തുവും ഉൾപ്പെടുന്നതും പഞ്ചായത്ത് വിലകൊടുത്ത് വാങ്ങിയതും റീസർവ്വെ പ്രകാരം ബ്ലോക്ക് നം.34-ൽ സർവ്വെ നം.199/3 Pt-ൽപ്പെട്ടതുമായ ആകെ 0.1619 (16 ആർ 19 ച.മീ.) ഭൂമിയിൽ നിന്നും 07

സെന്റ് സ്ഥലം വാത്തിക്കുടി വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് വിട്ടു നൽകിക്കൊണ്ടും വില്ലേജാഫീസ് നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് വാത്തിക്കുടി വില്ലേജാഫീസ് പ്രവർത്തിച്ചിരുന്ന 3 സെന്റ് സ്ഥലം വാത്തിക്കുടി ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതാണെന്നുമുള്ള വ്യവസ്ഥയിലും വാത്തിക്കുടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, വാത്തിക്കുടി ഗ്രാമപഞ്ചായത്ത്, മുരിക്കാശ്ശേരി പി ഒ, ഇടുക്കി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, ഇടുക്കി.
തഹസീൽദാർ, ഇടുക്കി.
വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, വാത്തിക്കുടി, ഇടുക്കി.
റവന്യൂ (എ) വകുപ്പ് (റവ-എ2/12/2022-റവ തീയതി 06.03.2022)
നിയമ (അഭി. ഡി) വകുപ്പ് (ഡി3/25/2022/നിയമം തീയതി 31.05.2022)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക് (വെബ് & ന്യൂമീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.സി.4/19/2022/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

**Signed by Pradeesh M**
**Date: 29-06-2022 11:01:27**
സെക്ഷൻ ഓഫീസർ